# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം 22-03-2012-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 168

"പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ "

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി<br>ഡോ. ടി.എം. തോമസ് ഐസക്<br>പ്രൊഫ. സി രവീന്ദ്രനാഥ്<br>ശ്രീ. കെ.വി. വിജയദാസ് | മുഖ്യമന്ത്രി |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ സാമൂഹ്യ യാഥാർത്ഥ്യങ്ങൾ പരിഗണിക്കാത്തതാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സമീപന രേഖയിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വിവരങ്ങളും സാമൂഹ്യ പ്രതിബദ്ധതയുള്ളതും വികസനോന്മുഖ കാഴ്ചപ്പാടോടുകൂടിയതുമാണ്. |
| (ബി) പദ്ധതിയുടെ സമീപനരേഖയിൽ മേഖല മുൻഗണന നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ; | (ബി) ഉണ്ട്. കൃഷിയും അനുബന്ധ മേഖലകളും, പശ്ചാത്തല വികസനം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സാമൂഹ്യസുരക്ഷ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, നൈപുണ്യ ( Skill) വികസനം, സ്വകാര്യ നിക്ഷേപം ആകർഷിക്കുക തുടങ്ങിയവയ്ക്കാണ് മുന്തിയ പരിഗണന നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) പദ്ധതി തയ്യാറാക്കൽ പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയോടുള്ള സർക്കാരിന്റെ സമീപനത്തിലും ഊന്നലുകളിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) വാർഷിക പദ്ധതി 2012 - 13 ന്റെ കരട് രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. ആസൂത്രണ കമ്മീഷനുമായിട്ടുള്ള ചർച്ചകൾക്ക് ശേഷം മാത്രമാണ് ഇതിന് അന്തിമ രൂപം നൽകുന്നത്. |

സെക്ഷൻ ഓഫീസർ.